# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പള്ളിക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി.8/675/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 16/10/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി.8/675/2023 തീയ്യതി: 16/10/2023

## കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2023 | 14-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2023 | 14-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ വിനോദ് കുമാർ.വി (ഓഡിറ്റ് ഓഫീസർ)
ശ്രീ ബാബു.എം (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ കുഞ്ഞികൃഷ്ണൻ. കെ.സി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ സുനിൽ കുമാർ.എം (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ ജനാർദ്ധനൻ.സി (സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.കുമാരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| രാധാകൃഷ്ണൻ.എം.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനീഷ് കുമാർ .കെ.എച്ച് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| സുമിഷ.കെ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| വേണുഗോപാലൻ.കെ | കൃഷി ഓഫീസർ | 01-04-2022 | 05-08-2022 |
| ജലേശൻ പി.വി | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ശ്രീനിവാസൻ.ജി | വി.ഇ.ഒ പള്ളിക്കര സർക്കിൾ | 01-04-2022 | 31-03-2023 |
| രമേശൻ.എം | വി.ഇ.ഒ പനയാൽ സർക്കിൾ | 01-04-2022 | 31-03-2023 |
| ഡോ.അശ്വിൻ കെ | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.ഷീബ എം..എസ്. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| വേണുഗോപാലൻ പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| പ്രമീള.ഒ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| സിവിക്കുട്ടി വർഗ്ഗീസ് | പ്രധാനധ്യാപകൻ | 01-04-2022 | 08-06-2022 |
| പ്രകാശൻ. എ.വി | പ്രധാനധ്യാപകൻ | 09-06-2022 | 31-03-2023 |
| ഡോ.ബിനി മോഹൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 17-06-2022 |
| ഡോ.സീമ.വൈ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 18-06-2022 | 31-03-2023 |
| ഷംസിയമോൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ് | 1-1-2 |
| 4 | Excess Of Income Over Expenditure- ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തതിൽ പിശക് | 1-1-3 |
| 5 | വിവിധ ഫണ്ടുകളുടെ കണക്കുകളിൽ അപാകതക | 1-1-4 |
| 6 | പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല | 1-1-6 |
| 8 | മുൻകൂർ തുക വരുമാനമാക്കി മാറ്റിയിട്ടില്ല | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം. | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം | 1-7 |
| 16 | ക്യാഷ് ബാലൻസ് | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 18 | റിസോർട്ട് കെട്ടിടത്തിന്റെ വസ്തു നികുതി കുടിശിക- വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-10 |
| 19 | തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-11 |
| 20 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-12 |
| 21 | നിർമാണ സാമഗ്രികളുടെയും കോൺക്രീറ്റ് റോഡ് പ്രതലങ്ങളുടെയും ഇന്റർലോക്ക് ടൈലുകളുടെയും ഗുണനിലവാര പരിശോധനകൾ നടത്തിയിട്ടില്ല | 1-13 |
| 22 | 2021-22 വർഷത്തിൽ അടവാക്കിയ കുടിവെള്ളക്കരം ക്രമീകരിച്ചതിലെ അപാകത | 1-14 |
| 23 | കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് - പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-15 |

| | | |
|---|---|---|
| 24 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻ തുക കുടിശിക നിലനിൽക്കുന്നു. | 1-16 |
| 25 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-17 |
| 26 | എം സി എഫിൽ നിന്നുള്ള നിഷ്ക്രിയ മാലിന്യം സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകൽ – ജി എസ് ടി ഈടാക്കുന്നു. | 1-18 |
| 27 | തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ | 1-19 |
| 28 | മരുന്നിന് മുൻകൂർ തുക നൽകിയെങ്കിലും ഹോമിയോ ഡിസ്പെൻസറിയിലേക്ക് 1,69,034 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. | 1-20 |
| 29 | ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടാത്ത സ്ഥാപനത്തിന് തനതു ഫണ്ട് തുക ചെലവഴിച്ചു. ഓഡിറ്റിൽ പരാമർശിച്ചതിനെത്തുടർന്ന് തുക തിരിച്ചടച്ചു. | 1-21 |
| 30 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ | 1-22 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 32 | കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്ക് ധനസഹായം - സാമൂഹ്യ സുരക്ഷാമിഷന് ഫണ്ട് കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 33 | ഭവന പുനരുദ്ധാരണം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-25 |
| 34 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ. | 1-26 |
| 35 | ഇ.എം.എസ് ഭവന പദ്ധതി (പുതിയത്) ക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 36 | എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്ക് ഉൾപ്പെടുത്തി- ഒഴിഞ്ഞ ടാർ വീപ്പകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. | 1-28 |
| 37 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ- പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-29 |
| 38 | ബാധ്യതാ തുകകളിൽ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്. | 4-4 |
| 5 | വായ്പാ/വായ്പ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് | |
| 4 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.07.2023 ലെ 2/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 14.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭാപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

16.10.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ്

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activities ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-3 Excess Of Income Over Expenditure- ബാലൻസ് ഷീറ്റിലേക്ക് ക്യാരി ഓവർ ചെയ്തതിൽ പിശക്

2022-23 ലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം Excess Of Income Over Expenditure 1,69,41,065 രൂപയാണ്. എന്നാൽ 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ജനറൽ ഫണ്ടിലേക്ക് ക്യാരി ഓവർ ചെയ്ത തുക 6,74,64,909 രൂപയാണ്. ഈ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-4 വിവിധ ഫണ്ടുകളുടെ കണക്കുകളിൽ അപാകതക

| ഫണ്ട് | ACR പ്രകാരം ലഭിച്ച തുക | വാർഷിക കണക്കുകൾ പ്രകാരം ലഭിച്ച തുക | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 3,30,36,307 +<br>44,53,693<br>(Source Deduction + Amount Deducted As Per GO(MS)No.179/2022/fin 18.10.2022)<br>= 3,74,90,000 | Capital Contribution = 69,25,385 +<br>Revenue Grants- 2,97,39,834<br>= 3,66,65,219 | 8,24,781 |
| വികസന ഫണ്ട് ടി.എസ്.എസ്.പി | 21,30,374+<br>3,78,077<br>= 25,08,451 | Capital Contribution = 0+<br>Revenue Grants- 24,38,451<br>= 24,38,451 | 70,000 |
| വികസന ഫണ്ട്- ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied ഫണ്ട് | 1,22,95,912 | Capital Contribution = 46,84,516 +<br>Revenue Grants- 75,73,400<br>= 1,22,57,916 | 37,996 |

### 1-1-5 പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ B4- 320100162- സർവ ശിക്ഷാ അഭിയാൻ എന്ന കണക്കിൽ 1,06,187 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ 450210102- Other Co-operative Bank-SSA എന്ന ബാങ്ക് അക്കൗണ്ടിൽ 31.03.2023 ലെ നീക്കിയിരിപ്പ് 50,504 രൂപ മാത്രമാണ്.

### 1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല

ഷെഡ്യൂൾ B7- Deposits Received- നീക്കിയിരിപ്പ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-1-7 മുൻകൂർ തുക വരുമാനമാക്കി മാറ്റിയിട്ടില്ല

350410499-Advance Collection Of Rent - 10,000. ഗോൾഡ് ഹിൽ ഹദ്ദാദ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിൽ നിന്നും 09.01.2023 ന് ലഭിച്ച 10,000 രൂപ നിലവിലും അഡ്വാൻസ് കണക്കിൽ പെടുത്തിയിരിക്കുന്നു. തുക വരുമാനമായി ക്രമീകരിച്ചിട്ടില്ല.

### 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-2 ബജറ്റ്

2022-23വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1(1)തീ.25/3/22 | 3(1) തീ.6/3/23 |
| മുന്നിരിപ്പ് | 2,01,63,716 | 3,11,90,420 |
| വരവ് | 29,14,28,000 | 29,13,53,729 |
| ആകെ | 31,15,91,716 | 32,25,44,149 |
| ചെലവ് | 30,88,79,500 | 28,81,37,140 |
| നീക്കിയിരിപ്പ് | 27,12,216 | 3,44,07,009 |

### 1-3 സാമ്പത്തിക വിശകലനം

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 3,96,85,668 |
| വരവ് | 7,79,60,347 |
| ആകെ | 11,76,46,015 |
| ചെലവ് | 6,63,89,497 |
| നീക്കിയിരിപ്പ് | 5,12,56,518 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 70,64,359 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,74,90,000 | 3,74,90,000 | 3,71,15,100 | 3,74,900 |
| വികസനഫണ്ട് എസ്.സി.പി. | 0 | 30,82,000 | 30,82,000 | 30,82,000 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 25,16,000 | 25,16,000 | 25,08,451 | 7,549 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 99,24,000 | 99,24,000 | 65,07,816 | 34,16,184 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 89,17,000 | 89,17,000 | 82,92,927 | 6,24,073 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | TRY- 0 | 23,02,741 | 23,02,741 | 13,29,967 | 9,72,774 |
| | Bank.85,65,135 | 97,79,000 | 1,83,44,135 | 1,09,27,949 | 74,16,186 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Un Tied | TRY - 0 | 95,142 | 95,142 | 95,142 | 0 |
| | Bank 17,21,047 | 70,13,609 | 87,34,656 | 51,53,534 | 35,81,122 |
| ബി ഫണ്ട് | | | | | |
| നെല്ലുല്പാദന ബോണസ് | 0 | 15,000 | 15,000 | 15,000 | 0 |
| വിവാഹധനസഹായം | 0 | 3,00,000 | 3,00,000 | 3,00,000 | 0 |
| സംയുക്ത പദ്ധതി | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 4,31,000 | 25,54,938 | 34,16,938 | 25,54,938 | 4,31,000 |
| ജില്ലാ പഞ്ചായത്ത് | 0 | 21,94,159 | 21,94,159 | 21,94,159 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 2 | 4,64,37,432 | 46437434 | 46437434 | 0 |
| NPRPD | 1,75,000 | 0 | 1,75,000 | 0 | 1,75,000 |
| SSA | 1,04,245 | 1,942 | 1,06,187 | 0 | 1,06,187 |
| ICDS കേന്ദ്ര വിഹിതം | 18,29,490 | 25,31,576 | 43,61,066 | 8,46,368 | 35,14,698 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| വിമുക്തി | 14,240 | 0 | 14,240 | 0 | 14,240 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 63,68,586 | 63,68,586 | 63,68,586 | 29,47,044 | 34,21,542 |
| സമ്പൂർണ ശുചിത്വം | 1,177 | 0 | 1,177 | 0 | 1,177 |
| BMC ഫണ്ട് | 4,16,422 | 11,376 | 4,27,798 | 48,500 | 3,79,298 |
| നിർമ്മൽ പുരസ്കാരം | 2,50,000 | 0 | 2,50,000 | 0 | 2,50,000 |

കുറിപ്പ് :

1) വികസന ഫണ്ട് ജനറൽ ₹44,53,693 (ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 23,70,593 രൂപയും അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 17,08,200 രൂപയും, ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ എസ്.സി.പി ₹4,51,410, ടി.എസ്.പി ₹3,78,077 എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറച്ച തുക മേൽപട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വികസനഫണ്ട് പൊതുവിഭാഗത്തിൽ ഓഡിറ്റ് വർഷം 3,74,90,000/-രൂപയാണ് ബഡ്ജറ്റ് വിഹിതമായി

ലഭിക്കേണ്ടിയിരുന്നത്, തനത് വരുമാനം 90% പിരിച്ചെടുക്കാത്തതിനാൽ മേൽ വികസന ഫണ്ടിന്റെ 1% തുക, വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ (3,74,900രൂപ) നിന്ന് സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2022-23വർഷം 3,74,30,878/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2022-23 വർഷം 6,86,62,800/-രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ(DBT)ചെയ്തിട്ടുണ്ട്.(ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6)

4) ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡിൽ ബജറ്റ് അലോട്ട്മെന്റിൽ 23.06.22 ലെ സ.ഉ (സാധാ) നം 4585/2022/ധന നമ്പർ ഉത്തരവ് പ്രകാരം മുൻവർഷം ലാപ്സായ 23,97,883 രൂപ അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
5).ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2022-23 വർഷം 2,16,52,000/- രൂപ വരവുണ്ട് .

6).ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 16,29,25,109 | 192 | 9,94,88,294 | - | 39 | 83.1 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെവിവരം | | 2022-23വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 42 | 22687553 | 33 | 16216190 | 71.5 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 1507350 | 8 | 1383074 | 91.8 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 96 | 46584160 | 73 | 29724861 | 63.8 |
| 4 | കൃഷി ഓഫീസർ | 9 | 7324528 | 9 | 6297742 | 86 |
| 5 | വെറ്റിനറി സർജ്ജൻ | 12 | 3673660 | 12 | 3254236 | 88.6 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 58351468 | 20 | 21921824 | 37.6 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9533974 | 8 | 8437551 | 88.5 |
| 8 | പ്രധാനാധ്യാപകൻ | 14 | 4265621 | 13 | 3950820 | 92.6 |
| 9 | മെഡിക്കൽ ഓഫീസർ | 2 | 1100000 | 2 | 1100000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | ആയുർവ്വേദം | | | | | |
| 10 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 12 | 6047805 | 12 | 5570396 | 92 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 500000 | 1 | 500000 | 100 |
| 12 | ഡയറി ഫാം ഇൻസ്റ്റക്ടർ | 1 | 1100000 | 1 | 1100000 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 248990 | 2 | 31600 | 12.7 |
| | ആകെ | 231 | 16,29,25,109 | 192 | 99488294 | 60.1 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 148 | 14,50,498 | 14,50,646 | 14,49,399 | 1,247 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 4,49,88,035 | 4,49,88,035 | 4,49,88,035 | 0 |
| ആകെ | 148 | 4,64,38,533 | 4,64,38,681 | 4,64,37,434 | 1,247 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 1212 പദ്ധതികളുൾപ്പെടുന്ന 30,59.66,000 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 219 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 119813 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 814 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 53,92,600 | 504 |
| വിധവാപെൻഷൻ | 2,48,85,000 | 2424 |
| വാർദ്ധക്യകാലപെൻഷൻ | 2,91,08,200 | 2848 |
| വികലാംഗപെൻഷൻ | 80,32,200 | 764 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 12,44,800 | 117 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 3,00,000 | 10 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2023 തീയതിയിൽ 3 P.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 25,344/- രൂപയുടെ കൃത്യത

പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1) ഓഡിറ്റ് വർഷം ഭരണ സമിതി 30 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ സകർമ സോഫ്റ്റ് വെയറിൽ കൃത്യമായി മിനുട്ട്സ് ചെയ്തിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസവും പത്താം തീയതിയ്ക്ക് മുമ്പ് പ്രതിമാസ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം നേടുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഭരണ സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സുകൾ വ്യക്തമായി എഴുതുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. ആയത് ഒഴിവാക്കേണ്ടതാണ്.
2) അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നിരുന്നാലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

3) ഫയൽ നീക്കം നിരീക്ഷിക്കുവാനും, സമയബന്ധിതമായി തീർപ്പാക്കുന്നത് ഉറപ്പുവരുത്തുവാനും ഐ.എൽ.ജി.എം.എസ് സംവിധാനത്തിലൂടെ സാധിച്ചിട്ടുണ്ട്.

6) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യനിർണ്ണയവും വിവരശേഖരണവും പൂർത്തിയാക്കപ്പെട്ടിട്ടില്ല.

7) തനതു വരുമാനത്തിന്റെ കാര്യക്ഷമമായ പിരിവ് ഉറപ്പു വരുത്താനായിട്ടില്ല. നികുതി പിരിവിലെ ഇടിവ് മൂലം 3,74,900 രൂപ വികസന ഫണ്ടിന്റെ അലോട്ട്മെന്റിൽ നിന്നും സർക്കാർ പിഴയായി ഈടാക്കിയിട്ടുണ്ട്. വരുമാന ഇനങ്ങളുടെ 100% പിരിവ് ഉറപ്പു വരുത്തുന്ന രീതിയിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം പുതുക്കി നടപ്പിൽ വരുത്തേണ്ടതാണ്.

8) ലൈഫ് ഭവനപദ്ധതി, വീടുകൾ മെച്ചപ്പെടുത്തൽ പദ്ധതി എന്നിവയിലെ കാലതാമസം ഈ ഓഡിറ്റ് റിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ട്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വീട് നിർമാണത്തിലെ തടസ്സം കണ്ടെത്തി ഉചിതമായ രീതിയിൽ ഇടപെട്ട് നിർമാണം പൂർത്തിയാക്കി പ്രോജക്ട് ഫലപ്രദമായി നിർവഹിക്കാനുള്ള ഇടപെടൽ ഉദ്യോഗസ്ഥ തലത്തിലും ഭരണസമിതി തലത്തിലും ഉണ്ടാവേണ്ടതുണ്ട്.

1-10 റിസോർട്ട് കെട്ടിടത്തിന്റെ വസ്തു നികുതി കുടിശിക- വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ കീക്കാൻ വില്ലേജിൽ BRDC യുടെ ഉടമസ്ഥതയിലുള്ള 55.33 ഏക്കർ സ്ഥലത്ത് ലീസ് വ്യവസ്ഥയിൽ ശ്രീ. പി. കെ. നജീബ്, ഡയറക്ടർ, Green Gateway Limited, തിരുവനന്തപുരം എന്നയാൾ 19756.86m2 റിസോർട്ട് കെട്ടിടത്തിന് 2015-16-രണ്ടാം അർദ്ധവർഷം മുതൽ 2018-19 വർഷം വരെ വസ്തു നികുതി അടവാക്കി വരുന്നുണ്ട്. തുടർന്ന് ഈ കെട്ടിടത്തിന് 2019-20 വർഷം നികുതിയിളവ് അനുവദിച്ചതായി കാണുന്നു. ഒന്നാം അർദ്ധവർഷത്തെ 50% വസ്തു നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധവർഷത്തെ നികുതി അടവാക്കിയതായി കാണുന്നില്ല. രണ്ടു അർദ്ധ വർഷങ്ങളിലേയ്ക്കും നികുതി ഇളവിനു അപേക്ഷിക്കുമ്പോൾ ഒഴിഞ്ഞു കിടക്കുന്നദിവസത്തിന് ആനുപാതികമായി പരമാവധി അർദ്ധവാർഷിക നികുതി ഇളവാണ് അനുവദനീയമായിട്ടുള്ളത്. രണ്ടാം

അർദ്ധ വർഷം അടവാക്കേണ്ട നികുതിയുടെ 50%-വും ഒഴിവാക്കിയതായി കാണുന്നു എന്നാൽ നികുതി ഇളവ് ലഭിച്ചതിനു ശേഷമുള്ള വസ്തു നികുതി മേൽ കെട്ടിട ഉടമ അടവാക്കിയിട്ടില്ല. കൂടാതെ സഞ്ചയ പരിശോധിച്ചപ്പോൾ 2020-21, 2021-22. 2022-23 വർഷം വരെയുള്ള വസ്തുനികുതി അടവാക്കിയതായും കാണുന്നില്ല. കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു,

| കെട്ടിട നം | കെട്ടിടത്തിന്റെഅളവ് | നിശ്ചയിച്ച വാർഷിക നികുതി | ഗ്രന്ഥശാലവരി | ആകെ |
|---|---|---|---|---|
| XVI /247 T | 329.68m2 | 30,331 | 1517 | 31,848 |
| XVI /247U | 329.68m2 | 30,331 | 1517 | 31,848 |
| XVI /247V | 329.68m2 | 30,331 | 1517 | 31,848 |
| XVI /247W | 329.68m2 | 30,331 | 1517 | 31,848 |
| XVI /247X | 329.68m2 | 30,331 | 1517 | 31,848 |
| XVI /247Y | 329.68m2 | 30,331 | 1517 | 31,848 |
| XVI /247Z | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A1 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A2 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A3 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A4 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A5 | 329.68m2 | 30,331 | 1517 | 31,848 |
| XVI /247A6 | 1060.23 M2 | 97,542 | 4878 | 1,02,420 |
| XVI /247G1 | 738.15 M2 | 67,910 | 3396 | 71,306 |
| XVI /247H1 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H2 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H3 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H4 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H5 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H6 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H7 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H8 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H9 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H10 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H11 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H12 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H13 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H14 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H15 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H16 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H17 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247H18 | 158.52 M2 | 12,682 | 635 | 13,317 |

| | | | | |
|---|---|---|---|---|
| XVI /247H19 | 158.52 M2 | 12,682 | 635 | 13,317 |
| XVI /247 I 1 | 505.88 M2 | 46,541 | 2328 | 48,869 |
| XVI /247 I 2 | 505.88 M2 | 46,541 | 2328 | 48,869 |
| XVI /247 I 3 | 505.88 M2 | 46,541 | 2328 | 48,869 |
| XVI /247 I 4 | 505.88 M2 | 46,541 | 2328 | 48,869 |
| XVI /247 I 5 | 505.88 M2 | 46,541 | 2328 | 48,869 |
| XVI /247K1 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247K2 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247K3 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247K4 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247K5 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247K6 | 322.71 M2 | 29,690 | 1485 | 31,175 |
| XVI /247L1 | 1228.36 M2 | 1,13,010 | 5651 | 1,18,661 |
| XVI /247M1 | 2289.13m2 | 1,92,287 | 965 | 2,01,902 |
| XVI /247N1 | 2548.74m2 | 2,34,485 | 11725 | 2,46,210 |
| XVI /247 O 1 | 534.38m2 | 38,476 | 1924 | 40,400 |
| | മേൽ കെട്ടിടത്തിന്റ ആകെ ഒരു വർഷത്തെ വസ്തുനികുതി | | | 18,47,493 |
| | അർദ്ധ വർഷ നികുതി | | | 9,23,747 |

മേൽ കെട്ടിട ഉടമസ്ഥർ നികുതി ഒടുക്ക് വരുത്താത്തതിനെതിരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.20/തീ.14.08.2023-ന് മറുപടി നല്കിയിട്ടില്ല. ഈ റിപ്പോർട്ടിന് നല്കേണ്ട പ്രഥമ മറുപടിയോടൊപ്പം മേൽ പരാമർശത്തിന് രേഖകൾ സഹിതം മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഈടാക്കുന്നില്ല

പള്ളിക്കര ഗ്രാപഞ്ചായത്ത് പരിധിയിൽ ജോലിചെയ്യുന്ന അഭിഭാഷകർ, മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ എന്നിവരിൽ നിന്ന് നിലവിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടിൽ വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-12 തനത് വരുമാനം സംബന്ധിച്ച അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും അവയിൽ നിക്ഷിപ്തമായ ചുമതലകൾ യഥാവിധി നിറവേറ്റുന്നതിനും പണം ആവശ്യമാണ്. കേന്ദ്ര-സംസ്ഥനസർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധന സഹായങ്ങളും,

നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമ നിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വ പരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പള്ളിക്കര ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കയുണ്ടായി.

നികുതി വരുമാനം

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ റസിഡൻഷ്യൽ, നോൺറെസിഡൻഷ്യൽ, കുടിശ്ശിക ഉൾപ്പെടെ ആകെ വസ്തു നികുതി വരവ് 74,29,856/-രൂപയാണ്. 83% മാത്രമാണ് വസ്തു നികുതി വരവ്. വസ്തുനികുതി വരവാണ് ഗ്രാമപഞ്ചായത്തിന്റെ മുഖ്യ തനതു വരുമാനമാർഗ്ഗം. വികസനഫണ്ട് പൊതുവിഭാഗത്തിൽ ഓഡിറ്റ് വർഷം 3,74,90,000/-രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിക്കേണ്ടിയിരുന്നത്, തൻവർഷ തനത് വരുമാനം 90% പിരിച്ചെടുക്കാത്തതിനാൽ മേൽ വികസന ഫണ്ടിന്റെ 1% തുക സർക്കാർ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ (3,74,900രൂപ) നിന്ന് കുറവ് വരുത്തിയിരുന്നു.

ഇ പേയ്മെന്റ്

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമാണ്. ഗ്രാമപഞ്ചായത്തിലെ കെട്ടിട്ടങ്ങളുടെ നികുതിയും ഇത്തരത്തിൽ ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ 7686000100032931 നമ്പർ ഇ-പെയ്മന്റ് അക്കൗണ്ടിലേക്കാണ് ഇത്തരത്തിൽ അടവാക്കുന്ന തുക വന്നു ചേരുന്നത്. തുക ഓൺലൈനായി അടവാക്കുമ്പോൾ തന്നെ സഞ്ചയയിൽ അതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുന്നുണ്ടെങ്കിലും അടവാക്കിയ തുക ശരാശരി രണ്ട് മുതൽ മൂന്ന് ദിവസങ്ങൾക്ക് ശേഷം മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ഇ-പേയമെന്റ് അക്കൗണ്ടിലേക്ക് ലഭിക്കുന്നത്. ഓൺലൈൻ മുഖേന അടവാക്കപ്പെടുന്ന തുക ആദ്യം ഇൻഫർമേഷൻ കേരളമിഷന്റെ തിരുവനന്തപുരത്തുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പോവുകയും അവിടെ നിന്ന് ഐ.കെ.എം അതത് തദ്ദേശസ്ഥാപനങ്ങളിലേക്ക് തുക കൈമാറുന്നതിന് അനുസരിച്ച് മാത്രം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കപ്പെട്ടില്ലാത്തതിനാൽ ഓൺലൈനായി അടവാക്കപ്പെടുന്ന തുക സംബന്ധിച്ച് ഐ.കെ.എം നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി വീണ്ടും റസീപ്റ്റ് എൻട്രി നടത്തിയാൽ മാത്രമേ തുക ഐ.ൽ.ജി.എം.എസിൽ വരവായി രേഖപ്പെടുത്തപ്പെടുന്നുള്ളൂ.

2023 – 24 ലെ നികുതി പരിഷ്കരണം

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 04.07.2023ലെ 1(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ SC2/5174/2023 നമ്പരായി അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തു നികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിട്ടുണ്ട്. അതു പ്രകാരം സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തി ക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന 9എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന മേൽ ഉത്തരവിലെ ഖണ്ഡിക 5ലെ നിർദ്ദേശം ഇതു വരെ പാലിക്കപ്പെട്ടിട്ടില്ല.

ഫീൽഡ്തല പരിശോധനകൾ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.ഇ-പെയ്മെന്റ് തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

2.സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

3.01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.

4.ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

5.നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ

കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഉർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

6.വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 നിർമാണ സാമഗ്രികളുടെയും കോൺക്രീറ്റ് റോഡ് പ്രതലങ്ങളുടെയും ഇന്റർലോക്ക് ടൈലുകളുടെയും ഗുണനിലവാര പരിശോധനകൾ നടത്തിയിട്ടില്ല

വളരെ സാങ്കേതിക തികവോടെ നിർവഹിക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെയും പ്രവൃത്തികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഘടകങ്ങളുടെയും ഗുണനിലവാര പരിശോധനകൾ നടത്തിയതായി കാണുന്നില്ല.

1. റോഡ് നിർമാണ പ്രവൃത്തികളിൽ വലിയ തോതിൽ വെറ്റ് മിക്സ് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രവൃത്തിയിലും വെറ്റ് മിക്സിന്റെ സീവ് ടെസ്റ്റ് അടക്കമുള്ള നിശ്ചിത ഗുണനിലവാര പരിശോധനകൾ നടത്തിയതിന്റെ രേഖകൾ ഫയലുകളിൽ ഇല്ല.

2. റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ച ബിറ്റുമിൻ, എമൽഷനുകൾ എന്നിവയുടെ നിശ്ചിത ഗുണനിലവാര പരിശോധനകൾ ഒരു പ്രവൃത്തിയിലും നടത്തിയിട്ടില്ല.

3. അനേകം റോഡുകളുടെ പ്രതലങ്ങൾ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഒരു പ്രവൃത്തിയിലും കോൺക്രീറ്റ് പ്രതലങ്ങളുടെ നിശ്ചിത ഗുണനിലവാര / ബല പരിശോധന നടത്തിയതായി കാണുന്നില്ല.

4. ചില പ്രവൃത്തികളിൽ M-30 ഗ്രേഡിലുള്ള ഇന്റർലോക്ക് പേവർ ബ്ലോക്കുകൾ സ്ഥാപിക്കുന്നതിന് വലിയ തുകകൾ ചെലവഴിച്ചതായി കാണുന്നു. എന്നാൽ ഈ ഇന്റർലോക്ക് ടൈലുകളുടെ ബല പരിശോധന നടത്തിയതായി കാണുന്നില്ല. ഈ ടൈലുകൾ എങ്ങനെ M-30 ബലം നൽകുന്നുവെന്ന് ഉറപ്പു വരുത്തി എന്ന് വ്യക്തമല്ല. ഉദാഹരണം-

പ്രോജക്ട് നം. 190/23- തോക്കാനം മൊട്ട അങ്കണവാടി പൂർത്തീകരണം, 70.368 Sqm, 60mm

പ്രോജക്ട് നം. 194/23- ജി.യു.പി.എസ് കീക്കാനം-മുൻവശം ഇന്റർലോക്ക്- 397.992 Sqm, 60 Mm

ഈ വിഷയത്തിൽ വ്യക്തത തേടിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16, തിയതി 14.08.20203) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ Msand ന്റെയും കോൺക്രീറ്റിന്റെയും ഗുണനിലവാര പരിശോധന നടത്തി റിപ്പോർട്ടുകൾ അതാത് ഫയലുകളിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട് എന്നും വെറ്റ് മിക്സിന്റെ ലാബ് പരിശോധന നടത്തിയിട്ടില്ല എന്നും ഇന്റർലോക്ക് ടൈലുകളുടെയും വെറ്റ് മിക്സിന്റെയും ഗുണവിലവാര പരിശോധനകൾ ഭാവിയിൽ നടത്തുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.എല്ലാ പ്രവൃത്തികളിലും നിർമാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധന ഭാവിയിൽ നടത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

## 1-14 2021-22 വർഷത്തിൽ അടവാക്കിയ കുടിവെള്ളക്കരം ക്രമീകരിച്ചതിലെ അപാകത

നിർവഹണം- സെക്രട്ടറി

പ്രോജക്റ്റ് നം. SO 258/23, 2021-22 വർഷത്തിൽ അടവാക്കിയ വെള്ളകരം ക്രമീകരിക്കൽ,

വിനിയോഗിച്ച തുക – 10,41,960 രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നം. XVFC/22-23/P/44/തീ.23.02.23 – 10,41,960 രൂപ

ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങൾക്ക് അനുവദിച്ച് വരുന്ന പൊതു ടാപ്പുകളുടെ വെള്ളക്കരം കേരള വാട്ടർ അതോറിറ്റിക്ക് താഴെ പറയും പ്രകാരം 2021-22 വർഷത്തിൽ തന്നെ അടവാക്കിയിരുന്നു,

വിശദവിവരം താഴെ കൊടുക്കുന്നു.

| തുക അടവാക്കിയ മാസം | വൗച്ചർ നമ്പർ | തുക |
|---|---|---|
| ഏപ്രിൽ | 22100049,തീ.23.04.2021 | 86,830/- |
| മെയ് | 22100109,തീ.24.05.2021 | 86,830/- |
| ജൂൺ | 22100184,തീ.24.06.2021 | 86,830/- |
| ജൂലൈ | 22100248,തീ.27.07.2021 | 86,830/- |
| ആഗസ്റ്റ് | 22100323,തീ.26.08.2021 | 86,830/- |
| സപ്തംബർ | 22100389,തീ.23.09.2021 | 86,830/- |
| ഒക്ടോബർ | 22100463,തീ.27.10.2021 | 86,830/- |
| നവംബർ | 22100657,തീ.30.11.2021 | 86,830/- |
| ഡിസംബർ | 22100728,തീ.23.12.2021 | 86,830/- |
| ജനുവരി | 22100896,തീ.04.02.2022 | 86,830/- |
| ഫെബ്രുവരി | 22101037,തീ.08.03.2022 | 86,830/- |
| മാർച്ച് | 22101204,തീ.31.03.2022 | 86,830/- |
| | | 10,41,960/- |

സർക്കാർ ഉത്തരവ് (സാധാ) നം.538/2022/LSGD തീയതി.07-03-2022 പ്രകാരം നിലവിൽ KWA-ക്ക് നൽകാൻ കുടിശികയുള്ള വെള്ളക്കരം അടവാക്കുന്നതിനാണ് അനുമതി നല്കിയിരുന്നത്. എന്നാൽ തനത് ഫണ്ടിൽ നിന്ന് അടവാക്കിയ വെള്ളക്കരം പ്രോജക്റ്റ് തയ്യാറാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് റീക്രൂപ്പ് ചെയ്യുകയാണ് മേൽ പദ്ധതി പ്രകാരം ചെയ്തതിരിക്കുന്നത്. അടവാക്കിയ വെള്ളക്കരം റീക്രൂപ്പ് ചെയ്യുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവുകളും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 19 തീയതി.14.8.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. റീക്രൂപ്പ് ചെയ്യുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവുകളും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 10,41,960/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് - പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസിൽ കുടുംബശ്രീ ഹെൽപ്പ്ഡെസ്ക് സ്ഥാപിക്കുന്നതിനായി ഓഡിറ്റ് വർഷം ₹ 1,63,600 ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | SO 049/23 |
| പ്രോജക്റ്റിന്റെ പേര് | കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് |
| ചെലവ് തുക | ₹1,63,600/- |
| ചെലവ് വിവരം | BRN-No.22200752003500953729/ തീ.23.12.2022 |

കുടുംബശ്രീ ഹെൽപ്പ്ഡെസ്ക് സ്ഥാപിക്കുന്നതിനായി പ്രോജക്റ്റ് പ്രകാരം GEM മുഖാന്തിരം KBS എന്ന സ്ഥാപനത്തിൽ നിന്ന് ഒരു ഫോട്ടോസ്റ്റാറ്റ് മെഷീനും (Digital Multifunctional Device) (₹1,49,800) ഇതിന് ആവശ്യമായ ഒരു സ്റ്റെബിലൈസറും, സ്റ്റാൻഡും (₹13,800) വാങ്ങിയിട്ടുണ്ട്. ₹1,63,600/- ചെലവഴിച്ചിട്ടുണ്ടെങ്കിലും ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ഓഡിറ്റ് തീയതിയിലും ആരംഭിച്ചിട്ടില്ല. വാങ്ങിയ മേൽ മെഷ്യനുകളുടെ നിലവിലെ സ്ഥിതിയും, ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണവും വ്യക്തമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/14.8.2023) മറുപടി

ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നത് വരെ 1,63,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻ തുക കുടിശിക നിലനിൽക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ 13.3.2023ലെ ബിൽ നമ്പർ-72422 പ്രകാരം 28.02.23 പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള കുടിശിക 12,93,466/-രൂപയും ഫൈൻ 25,372/-രൂപയുമാണ്. 2022-23 സാമ്പത്തിക വർഷം 189 വാട്ടർ ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം മാത്രമേ പഞ്ചായത്ത് അടവാക്കിയിട്ടുള്ളൂ. കുടിശിക ഇനത്തിൽ വന്നിട്ടുള്ള ഭീമമായ തുക അടവാക്കുന്നതിനോ അല്ലാത്ത പക്ഷം ഇളവ് ചെയ്തു ലഭിക്കുന്നതിനോ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികളുടെ വിവരവും ലഭ്യമാക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുടെ 2023-ഫെബ്രുവരി മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം 2,29,304/-രൂപയാണ് ഒരു മാസത്തെ വെള്ളക്കരം ഇനത്തിൽ പഞ്ചായത്ത് അടവാക്കേണ്ടത്. ഇപ്രകാരം പ്രതിമാസം വളരെ വലിയ തുകയാണ് പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പഞ്ചായത്ത് അടവാക്കുന്നത്. ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതി മുഖേന സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് വരുന്നതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിൽ ആവശ്യമില്ലാത്ത പൊതു ടാപ്പുകൾ കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും അറിയിക്കേണ്ടതാണ്.

വെള്ളക്കരം ഇനത്തിൽ തുക അടവാക്കാത്തതു മൂലം കുടിശിക വർദ്ധിക്കുന്നത് ഭാവിയിൽ പഞ്ചായത്തിനുള്ള പദ്ധതി വിഹിതത്തിൽ നിന്നും കുടിശിക കുറവു ചെയ്യുന്നതിന് ഇടയാകുകയും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുകയിൽ കുറവ് സംഭവിക്കുന്നതിന് ഇത് കാരണമാകുകയും ചെയ്യും. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തമായി മുൻകാലങ്ങളിലെ അടവ് വിവരങ്ങൾ പരിശോധിച്ച് വെള്ളക്കരം ഇനത്തിൽ ഭീമമായ തുക കുടിശിക വന്നതെങ്ങനെയെന്ന് പരിശോധിക്കേണ്ടതാണ്.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 18/14.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-17 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോ.നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 69/23 | ഇലക്ട്രിക്ക് ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കൽ - ആകെ ചെലവ് 99,142/-രൂപ (തനത് ഫണ്ട്) | 99,142/-രൂപ തനത് ഫണ്ട് | 99,142/-രൂപയുടെ ചെലവിൽ 43,238 രൂപയും 19,768 രൂപയും ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് KSEB ചിത്താരി സെക്ഷന് കൈമാറിയിരുന്നു. |
| 2 | 4/23 | ഡി.പി.സി ഹാൾ നിർമ്മാണം- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 3,00,000/-രൂപ തനത് ഫണ്ട് | മെമ്പർ സെക്രട്ടറി, ഡി.പി.സി കാസർഗോഡ് 3,00,000 രൂപ |

| | | | | |
|---|---|---|---|---|
| 3 | 3/23 | ഐ. കെ. എം ന് വിഹിതം നൽകൽ | 1,36,058 രൂപ വികസന ഫണ്ട് | ഐ. കെ. എം, തിരുവനന്തപുരം 1,36,058/-രൂപ (BRN 2220075200 3500477936,തീ യതി 29.8.2023 |
| 4 | 253/23 | ബംഗാട് വ്യവസായ പാർക്ക് കുടിവെള്ള പദ്ധതി- KWA-ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | 23,00,000 രൂപ ധനകാര്യ കമ്മീഷൻഅവാർഡ് | KWA കാസർഗോഡ്, വൗച്ചർ നം. XVFC/22-23/ P/65/20.03.23 – 23,00,000 രൂപ |
| 5 | 259/23 | വെളുത്തോളി മാലിന്യ സംസ്കരണ പ്ലാന്റിൽ സോളാർ പ്ലാന്റ് | 15,44,576/-രൂപ ധനകാര്യ കമ്മീഷൻഅവാർഡ് | കെൽട്രോൺ, തിരുവനന്തപുരം വൗച്ചർ നം. XVFC/22-23/ P/64/ 20.03.23 – 4,48,400 രൂപ + വൗച്ചർ നം. XVFC/22-23/ P/76/31.03.23 –10,96,176രൂപ |
| ആകെ | | | 43,79,776 രൂപ | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 18/2022-23 തീയതി 14.8.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 43,79,776 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 എം സി എഫിൽ നിന്നുള്ള നിഷ്ക്രീയ മാലിന്യം സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകൽ – ജി എസ് ടി ഈടാക്കുന്നു.

പ്രോജക്ട് നം. 248/23, ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ.

വിനിയോഗിച്ച തുക – 3,19,544 രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നം. XVFC/22-23/P/40/06.02.23 – 1,79,714 രൂപ

വൗച്ചർ നം. XVFC/22-23/P/54/14.03.23 – 1,39,830 രൂപ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം പാഴ്മാലിന്യം കയറ്റി അയക്കുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി ചമച്ച കരാർ പ്രകാരം പുനഃചംക്രമണ യോഗ്യമല്ലാത്തതും വിറ്റഴിക്കാൻ കഴിയാത്തതുമായ മാലിന്യം കിലോഗ്രാമിന് 10രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് താഴെ പറയും പ്രകാരം നൽകുകയാണ് ചെയ്തിട്ടുള്ളത്.

| ഇൻവോയിസ് നം. /തീയ്യതി | തുക |
|---|---|
| D23/SER22-23/523 തീ.01.11.22 | 1,79,714 രൂപ (15230 Kg X 10, CGST 9%, SGST 9% ഉൾപ്പെടെ (13,707+13,707 =27,414 )) |
| D23/SER22-23/989 തീ.06.03. 23 | 1,39,830 രൂപ (11850 Kg X 10, CGST 9%, SGST 9% ഉൾപ്പെടെ (10.665+10,665 = 21,330)) |

പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1) പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ജി എസ് ടി വകുപ്പിന്റെ സർക്കുലർ നം. 51/25/2018/GST തീ. 31. 07.2018 പ്രകാരം ജി എസ് ടി ബാധകമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ മേൽ പ്രകാരം കമ്പനിക്ക് ജി എസ് ടി അനുവദിച്ച നൽകുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) ക്ലീൻ കേരള കമ്പനി നൽകുന്ന ഇൻവോയ്സിൽ രേഖപ്പെടുത്തിയ തൂക്കത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമ പഞ്ചായത്ത് തുക അനുവദിച്ചിട്ടുള്ളത്. കമ്പനി അവകാശപ്പെട്ട അളവിൽ ഗ്രാമപഞ്ചായത്തിൽ നിന്നും മാലിന്യം നീക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി മാലിന്യം നീക്കം ചെയ്ത വേളയിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും സാങ്കേതിക ഉദ്യോഗസ്ഥരോ, ഹരിത കർമ്മ സേന അധികൃതരോ, ജനപ്രതിനിധികളോ, പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. തൂക്കം സാധൂകരിക്കുന്നത് സംബന്ധിച്ച് ചില വേ ബ്രിഡ്ജ് ബില്ലുകൾ ഹാജരാക്കിയെങ്കിലും ഗ്രാമ പഞ്ചായത്തിൽ നിന്നും നീക്കം ചെയ്ത മാലിന്യമാണ് അവ എന്നത് സംബന്ധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും മേൽ പദ്ധതികൾ പ്രകാരം നീക്കം ചെയ്ത അജൈവ മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് ഹരിത കർമ്മ സേന അധികൃതർ, വി.ഇ.ഒ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവരിൽ നിന്നുമുള്ള പരിശോധന സാക്ഷ്യപത്രം, ഭരണ സമിതി തീരുമാനം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിവരിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/തീ.14.08.2023) മറുപടി നല്കിയിട്ടില്ല. രേഖകളും വിശദീകരണങ്ങളും ഓഡിറ്റിന് ഹാജരാക്കുന്നതുവരെ 3,19,544/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-19 തെരുവ് വിളക്ക് റിപ്പയർ- അപാകതകൾ

പ്രൊജക്റ്റ് - തെരുവ് വിളക്കുകളുടെ പരിപാലനം

നമ്പർ - S0031/2023, അടങ്കൽ - 3,00,000 രൂപ (തനത് ഫണ്ട്), ചെലവ്: 2,82,945 രൂപ.

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ് പ്രകാരം ഗ്രാമകിരണം, പിലിക്കോടിന് താഴെ പറയും പ്രകാരം 2,82,945 രൂപ നൽകിയിട്ടുണ്ട്.

| വാങ്ങിയ സാധനം | എണ്ണം | നല്കിയ തുക |
|---|---|---|
| ബൾബ് | 412 | 1,35,959.50 |
| ഹോൾഡർ | 412 | 14,584.80 |
| ഷേഡ് ക്യാപ് | 412 | 13,597.89 |
| ഫോട്ടോസെൻസർ | 51 | 18,054.00 |
| സർവ്വീസ് വയർ | 1480 | 24,449.60 |
| ഡിപി സ്വിച്ച് | 34 | 5,616.80 |
| ഇൻസ്റ്റലേഷൻ ടാപ്പ് | 49 | 578.20 |
| ഇൻസ്റ്റലേഷൻചാർജ്ജ് | 457 | 70,103.80 |
| ആകെ | | 2,82,944.59 @ 2,82,945രൂപ |

പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1. കരാറുകാരന് തുക അനുവദിച്ചപ്പോൾ KCWWF 1% കുറവു ചെയ്തിട്ടില്ല.

2. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ 2021-22 വർഷം മുതലാണ് രേഖപ്പെടുത്താൻ തുടങ്ങിയത്. ആയത് പൂർണമല്ല. അതിനാൽ പഞ്ചായത്തിൽ ഇനം തിരിച്ചുള്ള വിളക്കുകളുടെ എണ്ണം ലഭ്യമല്ല.

3. തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി മോണിട്ടറിംഗ് സമിതിയോ കെ.എസ്.ഇ.ബി യോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച് പരിശോധന നടത്തിയില്ല. ഓരോ വർഷം സ്ഥാപിക്കുന്ന തെരുവ് വിളക്കുകൾക്ക് 2 വർഷം വാറന്റിയുണ്ടെങ്കിലും, തെരുവ് വിളക്കുകൾ റിപ്പയറുകൾ നടത്തുന്നതും തുടർ സേവനം നടത്തുന്നതും വാറന്റി പീരിയഡിലല്ല എന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. പ്രോജക്ട് നിർവഹണത്തിന്റെ പ്രായോഗികമായ ഫലപ്രാപ്തി ഭരണ സമിതി എപ്രകാരമാണ് വിലയിരുത്തിയത് എന്ന് വ്യക്തമാക്കേണ്ടതാണ്. മോണിറ്ററിങ്ങ് സമിതിയായി വർത്തിക്കേണ്ട വികസന സ്ഥിരം സമിതി ഈ പ്രോജക്ടിന്റെ മോണിറ്ററിങ്ങ് നടത്തിയതായ രേഖയും ഫയലിൽ ഇല്ല.

4. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന വേളയിൽ പ്രവർത്തനരഹിതമായ വിളക്കുകളും അനുബന്ധ ഉപകരണങ്ങളും പോസ്റ്റിൽ നിന്ന് മാറ്റി പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതും ആയതിന്റെ വിവരം പ്രത്യേകമായി രജിസ്റ്റർ ഓഫ് അൺസർവ്വീസബ്ൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. എന്നാൽ പ്രവർത്തനരഹിതമായ ഉപകരണങ്ങളുടെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല.

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 18/2022-23/തീ.14.08.2023) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 2,82,945 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-20 മരുന്നിന് മുൻകൂർ തുക നൽകിയെങ്കിലും ഹോമിയോ ഡിസ്പെൻസറിയിലേക്ക് 1,69,034 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രൊജക്ട് നമ്പർ | 18/2022-23 |
| പ്രൊജക്ട് | പള്ളിക്കര ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ |
| ഫണ്ട് ഇനം | മെയിൻറനൻസ് ഗ്രാന്റ് (നോൺ-റോഡ്) |
| അടങ്കൽ തുക | 5,00,000 രൂപ |
| ചെലവ് തുക | 5,00,000 രൂപ |
| ബിൽ നമ്പർ തിയ്യതി | 1/2022-23, തിയ്യതി.31.5.2022 |
| UTR NO | RBI522271668225/തിയ്യതി.31.5.2022 |

